## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1775 22/3/2012 ൽ മറുപടിക്ക്

### സി.ഐ.എസ്.എഫ് മാതൃകയിൽ പോലീസ് സേന രൂപവൽക്കരിക്കൽ

ചോദ്യം / മറുപടി

ശ്രീ. സണ്ണി ജോസഫ് :
ശ്രീ എം.പി.വിൻസെന്റ്:
ശ്രീ. കെ. അച്ചുതൻ:
ശ്രീ. പി.സി.വിഷ്ണുനാഥ്:

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| (എ)സംസ്ഥാനത്ത് സി.ഐ.എസ്.എഫ് മാതൃകയിൽ പ്രത്യേക പോലീസ് സേന രൂപവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 29.12.2011 ലെ സ.ഉ (കൈയ്യെഴുത്ത്) 289/2011/ആഭ്യ നമ്പർ പ്രകാരം, സ്റ്റേറ്റ് ഇൻഡസ്ട്രീയൽ സെക്യൂരിറ്റി ഫോഴ്സ് രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ബി) പ്രത്യേക പോലീസ് സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) സർക്കാരിലെയും പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉള്ള സ്ഥാപനങ്ങളുടെയും സുരക്ഷയ്ക്ക് ആവശ്യമായ സേവനങ്ങൾ നൽകുവാനാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി)സ്റ്റേറ്റ് ഇൻഡസ്ട്രീയൽ സെക്യൂരിറ്റി ഫോഴ്സിന്റെ സേവനം/സുരക്ഷ ആവശ്യമുള്ള വിവിധ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചു സമർപ്പിക്കുന്നതിന് സംസ്ഥാന പോലീസ് ചീഫിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ